jaagrathayude
Keraleeyam
Rs. 25/-
2013 March

കൂടംകുളം ആണവനിലയത്തിനെതിരെ സമരം ചെയ്യുന്ന ഇടിന്തകരയിലെ
ആണവോർജ്ജ വിരുദ്ധ ജനകീയ കൂട്ടായ്മയുടെ സജീവ പ്രവർത്തകരായ സ്ത്രീകളോട് സംസാരിച്ച്
**എസ്. അനിത** തയ്യാറാക്കിയത്

# ഇടിന്തകരയിൽ നിന്നും ഒരു കത്ത്

പ്രിയപ്പെട്ട സഹോദരി,

സുഖമെന്ന് കരുതുന്നു. ഞങ്ങൾ കത്തെഴുതിയിട്ട് കുറേ മാസങ്ങളായി അല്ലേ?മിക്ക ആളുകളും ഇപ്പോൾ കരുതിയിരിക്കുന്നത് കൂടംകുളം സമരം പരാജയപ്പെട്ടുവെന്നാണ്. എന്നാൽ കഴിഞ്ഞ 580 ദിവസങ്ങളായി തുടർന്നു വരുന്ന ആണവനിലയത്തിനെതിരായ സമരം ഇടിന്തകരയിലെ വലിയ സമരപ്പന്തലിൽ തുടരുകയാണെന്ന് പറയാനാണ് ഞങ്ങൾ ഈ കത്തെഴുതുന്നത്. ലൂർദ് മേരി പള്ളി അങ്കണത്തിൽ ഞങ്ങളുടെ ആശങ്കകൾക്കും ചോദ്യങ്ങൾക്കും മറുപടി ലഭിക്കാൻ ഞങ്ങൾ കാത്തിരിക്കുകയാണ്.

കഴിഞ്ഞ കത്തിനു ശേഷം ഇവിടെ ഒരുപാട് നല്ലതും ചീത്തയുമായ കാര്യങ്ങൾ നടന്നു കഴിഞ്ഞു. കുറേ മാസത്തെ യാതനകളും മധുരയിലെ നിഷ്കർഷാജാമ്യവും ഒക്കെ കഴിഞ്ഞ് ഞങ്ങളുടെ മൂന്ന് സ്ത്രീ സുഹൃത്തുക്കളായ സേവ്യർ അമ്മാൾ, സുന്ദരി, സെൽവി എന്നിവർ തിരിച്ചെത്തി. ഗുണ്ടാനിയമപ്രകാരം ജയിലിലായ ചില ആൺസുഹൃത്തുക്കളെ വിട്ടയച്ചു. ചിലർ ജയിലിൽ തന്നെയാണ്. ഞങ്ങളെ തുടർച്ചയായി ഭീഷണിപ്പെടുത്തുകയും ഭയപ്പെടുത്തുകയും ചെയ്യുകയാണ്.



കൂടംകുളം ആണവനിലയത്തിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത് എന്ന് ഞങ്ങൾക്കറിയില്ല. നിലയത്തിലെ സുരക്ഷയുമായി ബന്ധപ്പെട്ട് സാങ്കേതികത്തകരാറുകളുണ്ടെന്ന് പറയുമ്പോൾ അതിനടുത്ത് താമസിക്കുന്ന ഞങ്ങൾക്ക് പേടിയാണ്. എന്തെങ്കിലും ദുരന്തം സംഭവിച്ചാൽ എന്ത് ചെയ്യുമെന്നറിയാൻ ഞങ്ങൾ ഇപ്പോഴും ജില്ലാകലക്ടർമാരുടെ വാക്കുകൾക്ക് കാതോർത്തിരിക്കുകയാണ്. കൂടംകുളം നിലയത്തെക്കുറിച്ച് ഒരു ധവളപത്രം ഇറക്കി ആണവനിലയങ്ങളുടെ സാധുത എത്രയെന്ന് ഞങ്ങളുമായും മറ്റ് സമരസംഘടനകളുമായും പങ്കുവെക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല, ഒരു ദേശീയ ഓപ്പൺ ഫോറം വെച്ച് ആണവോർജ്ജവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ചർച്ച ചെയ്ത് സുതാര്യമാക്കണം. ഇത് എല്ലാ ജനങ്ങൾക്കും, കഴിയുമെങ്കിൽ രാജ്യത്തെ ഓരോരുത്തർക്കും ബോധ്യപ്പെടുകയാണെങ്കിൽ, ഭൂരിപക്ഷസമ്മതത്തോടെ ജനാധിപത്യരീതിയിൽ പുതിയ പദ്ധതികൾ തുടങ്ങട്ടെ.

പുതുവർഷം ഏറ്റവും നല്ല രീതിയിൽ ആഘോഷിച്ചത് ഞങ്ങളാണ്. സുഹൃത്തുക്കളോടും സമരത്തെ പിന്തുണക്കുന്നവരോടുമൊപ്പം. വന്ദനാ ശിവയിൽ നിന്നും ചിങ്കാരി അവാർഡ് ഏറ്റുവാങ്ങാൻ ഭോപ്പാലിലേക്കും സ്വാമി അഗ്നിവേശിൽ നിന്നും സുകുമാർ അഴീക്കോട് അവാർഡ് വാങ്ങാൻ കേരളത്തിലേക്കും ഒക്കെ ഞങ്ങൾ യാത്ര ചെയ്തു. ഈയടുത്ത് വിബ്ജിയോർ ചലച്ചിത്ര കൂട്ടായ്മയുടെ ഭാഗമായി സംഘടിപ്പിച്ച യുറേനിയം ചലച്ചിത്രമേളയിൽ ഞങ്ങളുടെ അനുഭവങ്ങൾ നിരവധി പേരുമായി പങ്കുവെയ്ക്കാൻ ഞങ്ങൾക്കായി. ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരെയും മഹാശ്വേതാ ദേവിയെയും കണ്ട് നന്ദി പ്രകടിപ്പിക്കാൻ ഞങ്ങളുടെ കുട്ടികൾക്കായി. ഞങ്ങൾക്കൊപ്പം എല്ലാവരുമുണ്ടെന്ന് അറിയാം. പക്ഷേ എന്നിട്ടും ഞങ്ങളുടെ ആവലാതികൾ കേൾക്കാതെ പോകുകയാണ്. അതിന് പരിഹാരം കാണാതെ ഞങ്ങൾക്ക് എങ്ങനെ സമാധാനത്തോടെ ജീവിക്കാനാകും?

ഞങ്ങളുടെ സമരം അവസാനിച്ചിട്ടില്ലെന്ന് ഞങ്ങൾ നിങ്ങളോടഭ്യർത്ഥിക്കുന്നു. ഞങ്ങൾ 'മേടൈ' എന്ന് വിളിക്കുന്ന ഈ പന്തലിൽ ഓരോ ദിവസവും ഓരോ മണിക്കൂറും ചെലവിട്ട് ഞങ്ങൾ സമാധാനപരമായി കാത്തിരിക്കുകയാണ്; ഞങ്ങളുടെ ഭീതിയകറ്റുന്ന 'ആണവനിലയം വേണ്ട' എന്ന ഒറ്റ മറുപടിയ്ക്കായി. കാരണം ആ ഉത്തരം ഞങ്ങളെപ്പോലെ പ്രതിരോധസമരം നയിക്കുന്ന നിരവധി പേർക്ക് പ്രചോദനമാകുമെന്ന് ഞങ്ങൾക്കറിയാം.

താഴെ പറയുന്ന കാരണങ്ങളാണ് ഞങ്ങളെ സമരത്തിലേക്ക് എത്തിച്ചത്.

- നമ്മുടെയും വരുംതലമുറയുടെയും ആരോഗ്യത്തെ ബാധിക്കുന്നു.
- ഉപജീവനമാർഗ്ഗത്തെ ബാധിക്കുന്നു.
- കടൽ, ഭൂമി, വായു എന്നിവയെ ബാധിക്കുന്നു.
- നമ്മുടെ ജീവിതത്തിന്റെ സുരക്ഷയെ ബാധിക്കുന്നു.

ഈ പ്രശ്നങ്ങളും ഇതിലും സങ്കീർണ്ണമായ പ്രശ്നങ്ങളും പരിഹരിക്കാതെ കൂടംകുളം പ്രശ്നത്തിൽ അന്തിമതീരുമാനമെടുക്കുന്നത് ജനാധിപത്യവിരുദ്ധവും മനുഷ്യാവകാശ ലംഘനവുമാകും.

നിങ്ങൾ ദയവായി ഓർക്കുക, ഞങ്ങൾ ഇവിടെ തന്നെയുണ്ട്. ഞങ്ങളുടെ ചിന്തകളും സ്വപ്നങ്ങളും ജീവിതവും ഏതൊരു പൗരന്റേതും പോലെ തന്നെ വിലപ്പെട്ടതാണ്.

ഞങ്ങളെ തുടർന്നും പിന്തുണക്കുക, ഞങ്ങളുടെ പ്രശ്നങ്ങൾ കഴിയാവുന്നത്ര ആളുകളുമായി പങ്കുവെക്കുക. അതെ, ഞങ്ങൾ ഉണർന്നിരിക്കുന്നു, ഇപ്പോഴും. അങ്ങനെയങ്ങ് തുടച്ചുമാറ്റപ്പെടാൻ ഞങ്ങൾക്ക് വയ്യ.

എന്ന്

**ഇടിന്തകരയിലെ സഹോദരിമാർ**

ആണവോർജ്ജവിരുദ്ധ ജനകീയ കൂട്ടായ്മ,
ഇടിന്തകരൈ, തിരുനെൽവേലി ജില്ല

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 21. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com